(ബി) 300 പേരോ, 60-70 കുടുംബങ്ങളോ താമസിക്കുന്ന ചേരി പ്രദേശങ്ങളിലാണ് ഈ പദ്ധതി നടപ്പിലാക്കാനുദ്ദേശിക്കുന്നത്. ഇതിനായി സ്വകാര്യ പങ്കാളിയെ മത്സരാടിസ്ഥാനത്തിൽ നഗരസഭ തെരഞ്ഞെടുക്കുകയും, ചേരിയിലെ ഗുണഭോക്താവിനായി നിർമ്മിക്കുന്ന ഒരു ഭവനത്തിന് ഒരു ലക്ഷം രൂപ എന്ന ശരാശരി നിരക്കിൽ സ്വകാര്യ പങ്കാളിക്ക് നൽകുകയും ചെയ്യുന്നു. പദ്ധതി മാർഗ്ഗരേഖയുടെ പ്രസക്ത ഭാഗങ്ങൾ അനുബന്ധം 'എ'-യിൽ* കാണാവുന്നതാണ്.

(സി) പദ്ധതിയുടെ പ്രാരംഭഘട്ടമായതിനാൽ നഗരസഭകൾ നാളിതുവരെ ചേരികൾ നിർദ്ദേശിച്ചിട്ടില്ല.

പുതിയ മുനിസിപ്പാലിറ്റികളിലെ പോസ്റ്റ് ക്രിയേഷൻ

95 (1566) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി രൂപീകരിച്ച മുനിസിപ്പാലിറ്റികളിലെ പോസ്റ്റ് ക്രിയേഷൻ നടപടികൾ പൂർത്തിയായോ;

(ബി) ഇല്ലെങ്കിൽ ഏത് ഘട്ടത്തിലാണ്; നടപടികൾ പൂർത്തീകരിച്ച് എന്നത്തേക്ക് നിയമനം നടത്താൻ സാധിക്കുമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) പ്രാരംഭഘട്ടത്തിലാണ്. പുതുതായി രൂപീകരിച്ച 28 മുനിസിപ്പാലിറ്റികളിൽ ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിന് നഗരകാര്യ ഡയറക്ടർ സമർപ്പിച്ച നിർദ്ദേശം വിവിധ തലങ്ങളിൽ പരിശോധിച്ചുവരുന്നു.

അമൃത് പദ്ധതി

96 (1567) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. എം. ഉമ്മർ :
ശ്രീ. പി. ബി. അബ്ദുൽ റസാക്ക് :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ നടപ്പിലാക്കുന്ന അമൃത് പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly